# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1426** | **13.6.2014-ൽ മറുപടിക്ക്**

### കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും മാലിന്യ സംസ്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും മാലിന്യസംസ്കരണച്ചുമതല ആർക്കാണെന്ന് വിശദമാക്കുമോ ; | എ) | കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും മാലിന്യ സംസ്ക്കരണച്ചുമതല അതാത് സ്ഥാപനത്തിലെ ഹെൽത്ത് വിഭാഗം കമ്മിറ്റിക്കും ആയതിന് കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കുമാണ്. |
| ബി) | കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും മാലിന്യ സംസ്കരണത്തിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ; | ബി) | കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും മാലിന്യ സംസ്ക്കരണത്തിലേയ്ക്കായി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള പ്ലാന്റുകൾ ആധുനികവൽക്കരിക്കുന്നതിനും ആവശ്യമായ പദ്ധതി നടപ്പിലാക്കി സമർപ്പിക്കുന്ന മുറയ്ക്ക് അനുമതിയും സാമ്പത്തിക സഹായവും നൽകി വരുന്നുണ്ട്. ഉറവിട മാലിന്യ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നഗരസഭകൾ തയ്യാറാക്കി നൽകുന്ന പ്രോജക്ടുകൾക്ക് അംഗീകാരവും സാമ്പത്തിക സഹായവും നൽകി വരുന്നു. കൂടാതെ പ്രധാനപ്പെട്ട നഗരസഭകളിൽ ആധുനിക രീതിയിലുള്ളതും മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന പ്ലാന്റുകൾ പി.പി.പി. അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| സി) | മാലിന്യ സംസ്കരണത്തെക്കുറിച്ച് പഠിക്കുന്നതിന് അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടോ ; | സി) & ഡി) | മാലിന്യത്തിൽ നിന്നും ഉപഉൽപന്നങ്ങൾ ഉൽപാദിപ്പിക്കാൻ കഴിയുന്നതും, പരിസ്ഥിതിക്ക് ദോഷമല്ലാത്ത രീതിയിൽ പ്രവർത്തിപ്പിക്കുന്ന പ്ലാന്റുകൾ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുന്നതിലേയ്ക്കായി ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന ഡോ. ജോർജ്ജ് ചാക്കച്ചേരി, ഡയറക്ടർ (സോളിഡ് വേസ്റ്റ്) ആയി ശുചിത്വ മിഷനിൽ പ്രവർത്തിക്കുന്ന ശ്രീ. എം. ദിലീപ് കുമാർ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന ശ്രീ. പാട്ടീൽ അജിത് ഭഗത് റാവു ഐ.എ.എസ്സ്. എന്നിവർ 25-01-2012 മുതൽ 28-01-2012 വരെ ജർമ്മനി സന്ദർശിച്ചിട്ടുണ്ട്. |
| ഡി) | എങ്കിൽ അവർ ആരെല്ലാമാണെന്നും ഏതെല്ലാം രാജ്യങ്ങളാണ് സന്ദർശിച്ചതെന്നും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |

ഇ) ഉദ്യോഗസ്ഥർ വിദേശരാജ്യങ്ങൾ സന്ദർശിച്ച് നടത്തിയ പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

ഇ) ഉണ്ട്. M/s Bayern Mercantile Private Ltd., എന്ന സ്വകാര്യസ്ഥാപനം കൊച്ചി നഗരസഭാപരിധിയിലെ 300 ടൺ ഖരമാലിന്യത്തിൽ നിന്നും അനുബന്ധ ഉൽപന്നങ്ങൾ ഉണ്ടാക്കുവാൻ കഴിയുന്ന ഒരു പ്ലാന്റ് നിർമ്മിക്കുവാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സർക്കാരിന് ഒരു പ്രൊപ്പോസൽ സമർപ്പിച്ചതിന്റെയടിസ്ഥാനത്തിൽ ഈ മാതൃക കേരളത്തിന് അനുയോജ്യമായതാണോയെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനാണ് ഉദ്യോഗസ്ഥർ വിദേശസന്ദർശനം നടത്തിയത്. എന്നാൽ ഖരമാലിന്യത്തിൽ നിന്നും അനുബന്ധ ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന കോൾഡ് മിനറലൈസേഷൻ പ്രക്രിയ സന്ദർശക സംഘത്തിന് കാണാൻ കഴിഞ്ഞില്ല. ആയതിനാൽ ഇതിന്റെ പ്രവർത്തനവും അനുയോജ്യതയും വിലയിരുത്തി ഇതു കേരളത്തിൽ സ്ഥാപിക്കാൻ അനുയോജ്യമായ സാങ്കേതികവിദ്യയാണോ എന്നു കണ്ടെത്തുവാൻ സംഘത്തിനു സാധിച്ചില്ല.

എഫ്) പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

എഫ്) അല്ല.

സെക്ഷൻ ഓഫീസർ